# അക്കാദമിക മാസ്റ്റർ പ്ലാൻ

GOVERNMENT UP SCHOOL PARANTODE

## 2025 - 2026

മികവിന്റെ വിദ്യാലയം




# ഗവ . യു പി എസ് പറണ്ടോട്







## മികവിൻെറ വിദ്യാലയം

# ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | അടിസ്ഥാന വിവരങ്ങൾ | 3 |
| 2 | ആമുഖം | 4 - 6 |
| 3 | ലക്ഷ്യങ്ങൾ | 7 - 8 |
| 4 | സ്കൂൾ ചരിത്രം | 9 |
| 5 | വിദ്യാലയം - മികവിൻെറ കേന്ദ്രം | 10 - 11 |
| 6 | അക്കാദമികം | 12 - 32 |
| 7 | ഉപസംഹാരം | 33 |

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| ഔദ്യോഗിക നാമം | : | ഗവ. യു പി എസ് പറണ്ടോട് |
| സ്കൂൾ കോഡ് | : | 42563 |
| വിലാസം | : | വലിയ കലുങ്ക്, പറണ്ടോട് , പിൻ-695542 |
| ഇമെയിൽ | : | upschoolparantode@gmail.com |
| ഫോൺ നമ്പർ | : | 0472-2891855 |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| ഉപജില്ല | : | നെടുമങ്ങാട് |
| ലോകസഭാമണ്ഡലം | : | ആറ്റിങ്ങൽ |
| നിയമസഭാമണ്ഡലം | : | അരുവിക്കര |
| താലൂക്ക് | : | നെടുമങ്ങാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | വെള്ളനാട് |
| തദ്ദേശസ്വയംഭരണസ്ഥാപനം | : | ആര്യനാട് പഞ്ചായത്ത് |
| വാർഡ് | : | 18 |
| സ്കൂൾ തലം | : | 5 – 7 ക്ലാസ്സുകൾ |
| ആൺകുട്ടികൾ | : | 36 |
| പെൺകുട്ടികൾ | : | 36 |
| ആകെ വിദ്യാർത്ഥികൾ | : | 72 |
| അദ്ധ്യാപകർ | : | 6 |
| പ്രധാന അദ്ധ്യാപിക | : | ഷമീമ ബീവി എ |
| പി.ടി.എ. പ്രസിഡണ്ട് | : | റെജി മോൻ പി ആർ |
| പി.ടി.എ. വൈസ് പ്രസിഡണ്ട് | : | രഞ്ചിത്ത് എസ് വി |
| എം.പി.ടി.എ. പ്രസിഡണ്ട് | : | പ്രിയങ്ക എൻ ആർ |
| എസ്.എം.സി ചെയർമാൻ | : | രതീഷ് |

# ആമുഖം

2025-26 സമഗ്ര ഗുണപരമായ വിദ്യാഭ്യാസ വർഷം ആയതിനാൽ തന്നെ വിദ്യാർത്ഥികൾക്ക് ഗുണമേൻമ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് ഈ വർഷത്തെ നമ്മുടെ പ്രധാനലക്ഷ്യം. വിദ്യാർത്ഥികൾക്ക് സർവ്വോൻമുഖമായ വളർച്ച പ്രദാനം ചെയ്യുന്ന ഒരു വൈജ്ഞാനിക കേന്ദ്രമായി വിദ്യാലയത്തെ മാറ്റിയെടുക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. നാടിൻെറ സാംസ്കാരിക കേന്ദ്രമാക്കി മാറ്റിയെടുക്കുന്നതോടൊപ്പം നാടിൻെറ ജൈവവൈവിധ്യസമ്പത്ത് സംരക്ഷിക്കുന്ന ഒരു ജൈവവൈവിധ്യ സംരക്ഷണകേന്ദ്രമായി സ്കൂളിനെ മാറ്റിയെടുക്കുക എന്നതും ലക്ഷ്യങ്ങളിൽ പെടുന്നു. വിദ്യാർത്ഥികളുടെ ബുദ്ധിപരവും, മാനസികവും, ശാരീരികവുമായ വ്യത്യസ്ത കഴിവുകൾ കണ്ടെത്തി അതിനനുസരിച്ചുള്ള പഠന-പഠനാനുബന്ധ പ്രവർത്തനങ്ങൾ അവർക്ക് പ്രദാനം ചെയ്യുന്ന രീതിയിലുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയിൽ നമ്മുടെ വിദ്യാർഥികൾക്ക് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുന്ന നിലയിൽ നമ്മുടെ സ്കൂളിനെ മാറ്റിയെടുക്കുക എന്നതാണ് ലക്ഷ്യം. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന തരത്തിൽ നമ്മുടെ വിദ്യാർത്ഥികൾക്ക് വേണ്ട പരിശീലനം നൽകുക എന്നതും ഈ അക്കാദമിക പ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്നു.

മികച്ച പാരിസ്ഥിതിക അവബോധം, ധാർമികചിന്ത, ജനാധിപത്യ-മതേതരത്വ മനോഭാവം, സഹജീവിസ്നേഹം തുടങ്ങിയ സാമൂഹ്യമൂല്യങ്ങൾ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്ന തരത്തിലുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ ഭാവിയുടെ വാഗ്ദാനങ്ങൾ ആയതുകൊണ്ട് തന്നെ വിദ്യാർത്ഥികളെ ശരിയായ രീതിയിൽ ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുക എന്നത് ഒരു വിദ്യാലയത്തിൻെറ സാമൂഹിക

ഉത്തരവാദിത്വമാണെന്ന ഉത്തമ ബോധ്യത്തോടെയാണ് ഈ അക്കാദമിക പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

"മനുഷ്യനിൽ അന്തർലീനമായ പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം" എന്നതുകൊണ്ട് തന്നെ ഒരു പൂർണ്ണ മനുഷ്യനെ സൃഷ്ടിക്കലാണ് ഏതൊരു വിദ്യാലയത്തിൻെറയും ലക്ഷ്യം. വ്യക്തിഗത പ്രവർത്തനങ്ങളിലൂടെ മാത്രമേ ഈ ഒരു ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളൂ എന്ന് മനസ്സിലാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളും, ഭൗതിക സാഹചര്യങ്ങളും ആണ് സ്കൂളിൽ സൃഷ്ടിക്കേണ്ടത്. സമൂഹത്തിലുള്ള വിവിധങ്ങളായ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളിൽ ചെന്ന് പെടാതെ മികച്ച പൗരന്മാരായി വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. മനുഷ്യ കേന്ദ്രീകൃത ചിന്തകൾക്കപ്പുറത്ത് സർവ്വജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ്. ഈ ഭൂമിയെന്ന വിശാല പാരിസ്ഥിതിക ബോധത്തിൻെറ വെളിച്ചത്തിലൂടെ കടന്നുപോകാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്നതിന് വേണ്ടിയാണ് ഈ വിദ്യാലയത്തെ ഒരു ജൈവവൈവിധ്യ കേന്ദ്രമാക്കി വളർത്തിയെടുക്കുന്നതിന് വേണ്ടിയുള്ള പദ്ധതി ആവിഷ്കരിച്ചത്.

മികച്ച വിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥികളെ വളർത്തിയെടുത്ത് നാടിൻെറ എല്ലാ തൊഴിൽ മേഖലകൾക്കും ആവശ്യമായ മെച്ചപ്പെട്ട മാനവ വിഭവം പ്രദാനം ചെയ്യുക എന്നത് വിദ്യാലയത്തിൻെറ ഉത്തരവാദിത്വമാണ്. സ്വന്തം കഴിവുകളിലും, അഭിരുചികളിലും ആത്മവിശ്വാസമുള്ള ഒരു തലമുറയെ വാർത്തെടുക്കുകയും ലഹരി എന്ന ചതിക്കുഴിയിൽ പെടാതെ മികച്ച ധാർമിക നിലവാരമുള്ള വിദ്യാർത്ഥികളായി വളരുക എന്നതിന് മികച്ച പിന്തുണ നൽകുക എന്നതുമാണ് നമ്മുടെ ലക്ഷ്യം. നീതിബോധം, ഉയർന്ന സാമൂഹ്യബോധം, പാരിസ്ഥിതിക ചിന്ത, ധാർമിക ബോധം, ഭാഷാ നൈപുണി,

ജനാധിപത്യചിന്ത, സമത്വചിന്ത, സ്വയാവബോധം, ഉൾചേർക്കൽ തുടങ്ങിയ മികച്ച ഗുണങ്ങളുള്ള  വിദ്യാർത്ഥികളെ  വാർത്തെടുക്കുക എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പരമപ്രധാനമായ ലക്ഷ്യം.

# ലക്ഷ്യങ്ങൾ

- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ സ്കൂളിൻെറ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- അഞ്ച് മുതൽ ഏഴാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കും അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.
- അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക.
- വിദ്യാർഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായി ക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.
- വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രാപ്ത മാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.
- ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുക.

- സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം......) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുക.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

# സ്കൂൾ ചരിത്രം

സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിന്നിരുന്ന മലയോര മേഖലയായ ആര്യനാട് പഞ്ചായത്തിൽ ഉൾപ്പെട്ട വലിയകലുങ്ക് പ്രദേശത്തിൽ 1956 ജൂൺ മാസം 6 ന് ആണ് ഈ വിദ്യാലയം ആരംഭിച്ചത്. ഒരു ഓല ഷെഡ്ഡിൽ ആയിരുന്നു ക്ലാസുകൾ ആരംഭിച്ചത്. നാട്ടിലെ പ്രമുഖനായിരുന്ന ശ്രീ. ചെല്ലപ്പൻനാടാർ പുതിയ സ്കൂൾ കെട്ടിടം പണിയുന്നതിലേക്കായി ഒന്നര ഏക്കർ പുരയിടം പഞ്ചായത്തിന് കൈമാറി. ഒരു സ്ഥിരം കെട്ടിടവും രണ്ട് ഓല ഷെഡുകളും ആയി സ്കൂൾ പ്രവർത്തിച്ചു വന്നു. 1989 ലെ ആര്യനാട് ഗ്രാമപഞ്ചായത്ത് സമിതി ഓല ഷെഡുകൾ പൊളിച്ചു മാറ്റുകയും സ്ഥിരം കെട്ടിടങ്ങൾ പണിയുകയും ചെയ്തു. സ്കൂളിന്റെ ആദ്യ പ്രഥമ അധ്യാപകൻ ശ്രീ തോമസ് സാറും ആദ്യ വിദ്യാർത്ഥി ശ്രീ. അബൂബക്കർ ആയിരുന്നു.

നിലവിൽ ഒരു ഏക്കർ 30 സെന്റ് ഭൂമിയിൽ പ്രവർത്തിക്കുന്ന വിദ്യാലയത്തിന് രണ്ട് കെട്ടിടങ്ങളിലായി നാല് ക്ലാസ് മുറികളും ഒരു ഹൈടെക് ക്ലാസ് മുറിയും ഉണ്ട്. 2021 - '22 വർഷത്തിൽ എംഎൽഎ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി 20 ലക്ഷം രൂപയുടെ ആറ് ക്ലാസ് മുറികൾ അടങ്ങുന്ന ബഹുനില കെട്ടിട സമുച്ചയം നിർമ്മിച്ചു. അതോടൊപ്പം തന്നെ കിച്ചണും സ്റ്റോറും ആൺകുട്ടികളുടെ ടോയ്‌ലറ്റുകളും നിർമ്മിച്ചു. 2025-'26 അധ്യയന വർഷത്തിൽ 5, 6, 7 ക്ലാസുകളിലായി 72 വിദ്യാർഥികൾ പഠനം നടത്തുന്നു. നമ്മുടെ വിദ്യാലയത്തെ വിശ്വാസപൂർവ്വം നെഞ്ചിലേറ്റിയ രക്ഷിതാക്കളെയും പൊതുജന സമൂഹത്തെയും അഭ്യുദയകാംക്ഷികളെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. പാഠ്യ പാഠ്യേതര വിഷയങ്ങൾക്ക് വളരെയധികം പ്രാധാന്യം നൽകി കൊണ്ടാണ് വിദ്യാലയം പ്രവർത്തിക്കുന്നത്. മൂല്യനിർണയവും ടെസ്റ്റുകളും കൃത്യമായി നടത്തിവരുന്നു. വിദ്യാ രംഗം, ഗാന്ധിദർശൻ,സുരിലി സഭ, ഐടി, മറ്റ് ഇതര ക്ലബ്ബുകൾ സജീവമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ദിനാചരണങ്ങളും വളരെ കൃത്യമായി തന്നെ ആചരിക്കുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം

മികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങളെ മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി ഓരോ വിദ്യാർത്ഥിയിലും ധാർമിക ധാരണകളും, നൈപുണി ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിന് വേണ്ടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. വിദ്യാലയങ്ങളിൽ നിന്നുമാർജിക്കുന്ന അറിവ് ജീവിതത്തിൽ പ്രായോഗിക തലത്തിൽ കൊണ്ടുവരത്തക്ക രീതിയിലുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

ഓരോ ക്ലാസിലും കുട്ടികൾ ആർജിക്കേണ്ട ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. പഠന വിഷയങ്ങളിൽ ആശയങ്ങൾ ഉറപ്പിക്കണം. കലാ-കായിക-പ്രവർത്തി-പരിചയ പഠനത്തിൽ പങ്കാളിത്തവും താൽപര്യവും ഉറപ്പാക്കണം. സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം. പഠിക്കുന്ന ഭാഷകളിലെല്ലാം ആശയവിനിമയശേഷി ഉണ്ടാകണം.

- എല്ലാ കുട്ടികൾക്കും എല്ലാ മേഖലയിലും അനുഭവങ്ങൾ ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ ലഭ്യമാക്കുക.
- മികച്ച ഭൗതിക സാഹചര്യങ്ങൾ സ്കൂളിൽ ഒരുക്കുക.
- അധ്യാപനത്തിൽ ഉന്നത നിലവാരം പുലർത്തുന്നതിന് വിവിധ അധ്യാപക പരിശീലനങ്ങൾ അധ്യാപകർക്ക് ലഭ്യമാക്കുക.
- സാങ്കേതികവിദ്യയുടെ ഉപയോഗം എല്ലാ ക്ലാസുകളിലും ഉറപ്പാക്കുകയും അത്തരത്തിലുള്ള അധ്യാപനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

- കലാകായിക പ്രവർത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളെ അധ്യാപനാരംഭത്തിൽ തന്നെ കണ്ടെത്തി ആവശ്യമായ പഠനസഹായം അവർക്ക് കൂടി സ്വീകാര്യമായ രീതിയിൽ നൽകുന്നു.
- സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ, ഐ ടി ലാബ് എന്നിവ കുട്ടികൾക്ക് പഠനപ്രക്രിയയിൽ സജീവമാക്കുന്ന രീതിയിൽ പ്രവർത്തന സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, അവബോധ ക്ലാസുകൾ, സെമിനാറുകൾ, പ്രോജെക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനരീതികൾ ഉപയോഗപ്പെടുത്തുക.
- കാർഷിക സംസ്കാരം പുതുതലമുറകൾ തലമുറയിൽ വളർത്തിയെടുക്കുന്നതിന് വേണ്ടി പച്ചക്കറിത്തോട്ടങ്ങൾ, ഔഷധത്തോട്ടങ്ങൾ തുടങ്ങിയവ സ്കൂളിൽ സജ്ജമാക്കുക. അതിനുള്ള ഇത്തരം പദ്ധതികൾ കൂടുതൽ വിപുലീകരിക്കുക.
- ശാസ്ത്ര, ഗണിതശാസ്ത്ര, സോഷ്യൽ സയൻസ്, ഐ ടി പ്രവർത്തി പരിചയമേളകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.
- വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം, പ്ലാസ്റ്റിക് നിയന്ത്രിത കുടുംബങ്ങൾ എന്നിവ നടപ്പാക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും പുതിയ തലമുറയെ പൂർണമായും മുക്തമാക്കാനുള്ള സജീവമായ ബോധവൽക്കരണ പരിപാടി ആസൂത്രണം ചെയ്തു വിദ്യാലയത്തെ സമ്പൂർണ്ണ ലഹരി വിരുദ്ധ വിദ്യാലയമായി പ്രഖ്യാപിക്കുക.

# അക്കാദമികം

| മേഖല :- മലയാളം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
| 1 | *ആശാപരമായ അടിസ്ഥാന ശേഷ വികസനം ആശയ രൂപീകരണം, പദസമ്പത്ത് വളർത്തൽ എന്നിവയിൽ പഠിതാക്കളെ പ്രാപ്തരാക്കുക. | **.എന്റെ അവധിക്കാലം.** നേതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ കഥ, കവിത, യാത്രാനുഭവങ്ങൾ അനുഭവക്കുറിപ്പ് തുടങ്ങിയ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു.<br><br>**.വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ<br><br>ജൂലൈ | മലയാളം അധ്യാപകൻ<br><br>മലയാളം അധ്യാപകൻ | |
| 2 | *അർത്ഥപൂർണ്ണമായ വായന ഉറപ്പിക്കൽ. | **വാർത്ത ലോകം.** .പത്രം ആഴ്ചപ്പതിപ്പ് മാസികകൾ,കഥാപുസ്തകങ്ങൾ എന്നിവ പഠിതാക്കൾ വായിക്കുന്നതിലൂടെ പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>**.വാർത്താ വായന** അസംബ്ലിയിൽ വാർത്ത വായനയ്ക്ക് അവസരം നൽകുന്ന അതോടൊപ്പം വാർത്ത ബോർഡിൽ പ്രസിദ്ധീകരിക്കുന്നു. പത്ര വാർത്തയെ ആസ്പദമാക്കിയ ക്വിസ് മത്സരം നടത്തുന്നു. | ആഴ്ചയിൽ മൂന്ന് പ്രാവശ്യം | മലയാളം അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | *പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **.ശില്പശാല**<br>ചൊൽ കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിവ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br><br>.കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br><br>.പുസ്തക പരിചയം സാഹിത്യകൃതികൾ പരിചയപ്പെടുത്തുന്നതിനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സ്കൂൾ പിടിഎ | പിടി എ |
| | *സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോട് ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **.അഭിമുഖ സംഭാഷണം**<br>കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണം സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | മലയാളം അധ്യാപകൻ ,ഹെഡ്മിസ്ട്രസ് | പിടി എ |
| | *സർഗാത്മക ശേഷി പരിപോഷിപ്പിക്കൽ<br>. | ***. സ്കൂൾമാഗസിൻ തയ്യാറാക്കൽ***<br>മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കൽ. | മാർച്ച് | മലയാളം അധ്യാപകൻ | വിദ്യാരംഗം കലാ സാഹിത്യ വേദി |

| മേഖല :- സംസ്കൃതം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
| 1 | *ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | **. ഭാഷ ജ്ഞാനം**<br><br>*അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷര കാർഡ്<br>*അക്ഷരമാല പ്രദർശനം<br>* അക്ഷര മരം നിർമ്മിക്കൽ<br>*അക്ഷരമാല കളികൾ<br>. പറയാം പഠിക്കാം<br>* പാട്ടുകളും കഥകളും കേൾപ്പിക്കുക<br>* ചിത്രങ്ങളുടെ പേര് പറയൽ<br>*ചിത്രകഥകൾ<br>*നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ഓഗസ്റ്റ്<br><br>ജൂൺ - ഓഗസ്റ്റ് | അക്ഷര ചാർട്ട്<br><br>ഐ സി ടി സാധ്യത<br><br>സംസ്കൃത കഥാപുസ്തകം | പിടി എ, റിസോഴ്സ് അദ്ധ്യാപിക |
| 2 | *വീട് ഒരു പരീക്ഷണ ശാല | .വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക | സെപ്റ്റംബർ - ഒക്ടോബർ | | സംസ്കൃതം അദ്ധ്യാപിക |
| 3 | *വായനാലോകം | .പുസ്തകശേഖരണം വായനശീലം | 6 മാസം | | സംസ്കൃതം അദ്ധ്യാപിക |
| 4 | *കരിക്കുലം ലക്ഷ്യം വെക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | .പഠനോപകരണ നിർമ്മാണം | ജൂൺ - മാർച്ച് | | സംസ്കൃതം അദ്ധ്യാപിക |

| | | | | | |
|---|---|---|---|---|---|
| 5 | *മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | .ആനുകാലികങ്ങൾ വായിക്കാൻ നൽകൽ<br>എല്ലാ മാസവും ക്വിസ് മത്സരം | ജൂൺ - മാർച്ച് | | സംസ്കൃതം അദ്ധ്യാപിക |
| 6 | * ആസ്വാദന ലോകം | .കഴിവുള്ള കുട്ടികളെ കണ്ടെത്തി അവസരങ്ങൾ നൽകൽ, സഭ ചേരൽ | | | സംസ്കൃതം അദ്ധ്യാപിക |

| AREA :- ENGLISH | | | | | |
|---|---|---|---|---|---|
| **SL. NO** | **AIM** | **ACTIVITIES** | **DURATION** | **CHARGE** | **FINANCE** |
| 1 | *****Provides an opportunity to listen to the language and speak it easily. | **.<u>LISTEN AND LEARN</u>**<br><br>Listens to recorded English in a simple and fun way and encourages children to give appropriate answers to related questions. | June | English Teacher | |
| | | **.FOLLOW ME**<br><br>Training to follow instructions given in English. | June | English Teacher | |
| | | **.NEWS REPORTER**<br><br>Playing recorded English news provide an opportunity to hear correct pronunciation and students to be a News Reporter. Honouring Reporter of the month. | June to March | English Teacher | |
| | | **.SCAVENGER HUNT**<br><br>Make different compartments using different objects and number each compartment. Describe the object that will be drawn and the other children will recognize it. Points are awarded. | June | English Teacher | |

| | | | | | |
|---|---|---|---|---|---|
| | | .**<u>MEET A LANGUAGE EXPERT</u>**<br><br>Providing an opportunity to communicate with native speakers in English. | December | Language Expert | |
| 2 | ***Training in Effective Reading | .**<u>READING CARDS</u>**<br><br>Various reading cards are arranged at different levels. They are trained to read without errors, from simple to complex. | June - March | English Teacher | |
| 3 | ***Enables you to write English without mistakes. | .**<u>MY DREAMS</u>**<br><br>Preparing a class magazine and mini dictionary featuring children's artwork.<br><br>.**<u>ALERT ZONE</u>**<br><br>The students displays signboards, posters, and notices in the school environment and classrooms.<br><br>.**<u>FUN TIME TRAVELLER</u>**<br><br>The child acquires language through play. | March<br><br><br><br><br>July<br><br><br><br><br>June - March | English Teacher<br><br><br><br><br>English Teacher<br><br><br><br><br>English Teacher | |

| | | | | | |
|---|---|---|---|---|---|
| | | **.BUDDING WRITERS**<br><br>Story Writiing, Poetry writing etc.. | August | English Teacher | |
| 4 | ***The children are handling the English language well.** | **.ENGLISH FEST**<br><br>Stage performances are held to develop children's English language skills. | March | English Teacher | PTA |
| 5 | ***Organizing language activities related to important days.** | **ACTIVITIES ON IMPORTANT DAYS**<br><br>Organizing language activities related to important days. | Academic Year | English Teacher | |
| 6 | ***Organizing language activities through information technology, IT Lab.** | **E CUBE LANGUAGE LAB**<br><br>English Language Lab course content and activities enable students to put into practice the skills and knowledge they acquired in the classroom. ELL provides students personal experience to students in all of the language skills. | July- March | English Teacher | |

## മേഖല :- ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | * യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | 1.അക്ഷരം എഴുത്ത്<br>2.അക്ഷരമാല ചാർട്ട്, വാക്കുകൾ എഴുതിയ കാർഡ്.<br>3.പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കുന്നു. | ജൂൺ - ആഗസ്റ്റ് | ഹിന്ദി അദ്ധ്യാപിക | |
| 2 | *കുട്ടികളിൽ വായന ഉറപ്പിക്കൽ | 1.ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി പുസ്തകം വായിപ്പിക്കുന്നു.<br>2. ഹിന്ദിയിൽ കവിതകൾ, കഥകൾ, ആത്മകഥകൾ വായിപ്പിക്കുന്നു. | ജൂൺ- ഫെബ്രുവരി | ഹിന്ദി അദ്ധ്യാപിക | |
| 3 | *ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കൽ. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് നേടൽ | 1. ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കുന്നു.<br>2. ദൈനം ദിന വാക്കുകൾ, വാക്യങ്ങൾ ഹിന്ദിയിൽ പരിശീലിപ്പിക്കുന്നു.<br>3. ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുന്നു.<br>4. ഹിന്ദി അസംബ്ലി നടത്തുന്നു. | ജൂലൈ - മാർച്ച് | ഹിന്ദി അദ്ധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| 4 | *സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകൽ. | 1. ദിനാചരണങ്ങൾ (സെപ്റ്റംബർ 14, ജനുവരി 10)<br>2. ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തുന്നു.<br>3. ചിത്രം സഹായത്തോടെ ചിത്രകഥ തയ്യാറാക്കുന്നു.<br>4. അപൂർണമായ കഥ പൂർത്തിയാക്കുന്നു.<br>5. ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ. | നവംബർ - ഫെബ്രുവരി | ഹിന്ദി അദ്ധ്യാപിക | |

| മേഖല :- സാമൂഹ്യ ശാസ്ത്രം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
| 1 | *സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ എന്നിവ പരിശോധിക്കാൻ ,നേടിയെടുക്കാൻ. | **അറിവരങ്ങ്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിന് മുന്നൊരുക്ക പഠന പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 2 | *പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **ചരിത്രാവബോധം വീഡിയോയിലൂടെ** ഐസിടി സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ളവയുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| 3 | *ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്.** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 4 | *പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുന്നതിനായി അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ ക്ലാസ് | ജൂൺ-മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകൻ | പിടിഎ |
| 5 | *ഭൂപടത്തിൽ ലോകം ഇന്ത്യ ഇവയിൽ വിവിധ സംസ്ഥാനങ്ങൾ രാജ്യങ്ങൾ കണ്ടെത്തുന്നതിനുള്ള ശേഷി രൂപപ്പെടുത്തുക. | ലോക ഭൂപടം, ഇന്ത്യയുടെ ഭൂപടം ഇവ ചാർട്ടിൽ ഒട്ടിച്ച ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ ശേഖരിച്ച് സംഭവങ്ങൾ നടന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ ലോകരാജ്യങ്ങൾ ഇവ ഗ്രൂപ്പ് ആയി ചേർന്ന് അടയാളപ്പെടുത്തുന്നു | ജൂൺ-മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

# മേഖല :- അടിസ്ഥാന ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | **ഫീൽഡ് ട്രിപ്.** കണ്ടറിഞ്ഞൊരു യാത്ര. വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ. ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം. വയൽപ്പുഴ കാവുകൾ കുളങ്ങൾ എന്നീ ആവാസ വ്യവസ്ഥയെ യാത്രകളിലൂടെ അറിയൽ. | ജൂൺ - ജൂലൈ | സയൻസ് ക്ലബ്ബ്, ഇക്കോ ക്ലബ്ബ്. | പിടി എ |
| | | **പരീക്ഷണ കളരി ശാസ്ത്ര കിറ്റ്.** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ | |
| 2 | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വീഡിയോ പ്രദർശനം** ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | | **ശാസ്ത്ര വിസ്മയ ചുമർ.**<br><br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയച്ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ | |
| 3 | ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കൽ, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **സ്കൂൾതല ശാസ്ത്രോത്സവം.**<br><br>ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br><br>**ശാസ്ത്ര പ്രോജക്ടുകൾ.**<br><br>ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ അസൈൻമെന്റുകൾ എന്നിവ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു.<br><br>**മുഖാമുഖം.**<br><br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തുന്നു. നൂതന ആശയങ്ങളുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിക്കുന്നു. ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മൂല, ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ<br><br>ശാസ്ത്രാധ്യാപകൻ, സയൻസ് ക്ലബ്ബ്<br><br>ശാസ്ത്രാധ്യാപകൻ | |

| മേഖല :- ഗണിതം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
| 1 | *അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുക. | <u>ഗണിത ക്ലിനിക്ക്</u><br><br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി മുൻനിരയിൽ നിൽക്കുന്ന കുട്ടികളും അധ്യാപകരും ചേർന്ന് മാർഗ്ഗനിർദ്ദേശം നൽകുന്നു. | ആഴ്ചയിൽ രണ്ടു ദിവസം (ജൂൺ) | ഗണിതത്തിൽ സമർത്ഥരായ കുട്ടികൾ | |
| 2 | *ഗണിത പഠനം സുഗമമാക്കാൻ, താത്പര്യം വർധിപ്പിക്കാൻ | <u>ഗണിത ശിൽപശാല</u><br><br>കളി രീതിയിലൂടെയും പാറ്റേണിലൂടെയും പ്രവർത്തനങ്ങൾ നടത്തുന്നു. | മാസത്തിൽ ഒരിക്കൽ... ആവശ്യമുണ്ടെങ്കിൽ വീണ്ടും... | ഗണിത അദ്ധ്യാപകൻ | |
| 3 | *കരചലന ശേഷികളുടെ വികാസം | <u>വർക്കിങ്ങ് മോഡൽസ്</u><br><br>പാഠഭാഗവുമായി ബന്ധപ്പെട്ട് ചലനാത്മകമായ മോഡലുകൾ നിർമ്മിക്കാനുള്ള പരിശീലനവും പ്രവർത്തനങ്ങളും നൽകുന്നു. | ക്ലാസ് ലീഡർ, ക്ലബ് ലീഡർ | പിടിഎ, ഗണിത അദ്ധ്യാപകൻ | പിടിഎ, രക്ഷിതാക്കൾ |
| 4 | *ഗണിതമേഖലയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കാൻ | <u>ഗണിത പൂക്കളം</u><br><br>.ഗണിതത്തിൽ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് പൂക്കള നിർമാണം | ആഗസ്റ്റ് - സെപ്റ്റംബർ | എല്ലാ കുട്ടികളും | പിടിഎ, അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 5 | *വിവിധ ശേഷികളുടെ ദിനാചരണം | **.ദിനാചരണങ്ങൾ**<br><br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തി സംഘടിപ്പിക്കുന്നു. | ജൂൺ -മാർച്ച് | ഗണിത അദ്ധ്യാപകൻ | |
| 6 | *ഗണിതം മധുരമാക്കൽ | **.ഗണിത പാർക്ക്**<br><br>ഇക്കോ ക്ലബുമായി സംയോജിപ്പിച്ച് ഗണിത ക്ലബിലെ കുട്ടികൾ ഗണിതരൂപത്തിലുള്ള പാർക്ക് നിർമ്മാണം. | ക്ലബ് പ്രവർത്തന സമയങ്ങളിൽ | ഗണിത ക്ലബ് | പിടിഎ |
| 7 | *ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **.ഐടി സാധ്യതകളിലൂടെ**<br><br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ് ക്രിയകൾ, ടാൻഗ്രാം എന്നിവ പോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ പ്രയോജനപ്പടുത്തികൊണ്ട് കുട്ടികളിൽ എത്തിക്കാനുള്ള ശ്രമം നടത്തുന്നു. | എല്ലാ മാസവും ഗണിത പീരീഡ് | ഗണിത അദ്ധ്യാപകൻ | |

| മേഖല :- ആരോഗ്യ കായിക വിദ്യാഭ്യാസം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
| 1 | കായിക പ്രവർത്തനങ്ങളുടെ പരിശീലനം നടത്തുന്നു. | **കായിക വിദ്യാഭ്യാസം**<br><br>കായിക പരിശീലനം കാര്യക്ഷമമാക്കൽ. ആഴ്ചയിൽ മൂന്ന് ദിവസം വൈകുന്നേരം കായിക പരിശീലനം. ഓരോ കളിയിലും അഭിരുചിയുള്ള കുട്ടികളെ തിരഞ്ഞെടുത്തു പ്രത്യേകം പരിശീലനം നൽകുന്നു. | ജൂൺ- മാർച്ച് | കായിക അധ്യാപകൻ | |
| 2 | സ്പോർട്സ് ക്ലബ് രൂപീകരിക്കുന്നു. | ദേശീയ ദിനാചരണങ്ങളുടെ പ്രാധാന്യം, ദേശീയ ഐക്യബോധം ഇവ ഓഗസ്റ്റ് 15, ഒക്ടോബർ 2, ജനുവരി 26 എന്നിവ ആഘോഷിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നു. അതിനുവേണ്ടി സ്പോർട്സ് ക്ലബ്ബ് രൂപീകരിക്കുന്നു. | ജൂൺ | കായിക അധ്യാപകൻ | |
| 3 | സൂംബ പരിശീലനം പ്രായോഗികമാക്കുന്നു. | കുട്ടികളുടെ മാനസിക സമ്മർദ്ദം കുറയ്ക്കാൻ ആഴ്ചയിൽ രണ്ട് ദിവസം സുംബാ പരിശീലനം നൽകുന്നു. | ജൂൺ - മാർച്ച് | കായിക അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 4 | കായികോൽസവം സംഘടിപ്പിക്കുന്നു. | കായിക മൽസരങ്ങൾ നടത്തുന്നു. മത്സരങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെ സർട്ടിഫിക്കറ്റ്,മെഡൽ, ക്യാഷ് പ്രൈസ്, മൊമെന്റോ, ട്രോഫി എന്നിവ നൽകി അനുമോദിക്കുന്നു. | ആഗസ്റ്റ് | കായിക അധ്യാപകൻ | പിടിഎ |
| 5 | ആരോഗ്യ സംരക്ഷണം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കികൊണ്ട് ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സ്കൂളിൽ സംഘടിപ്പിക്കുന്നു. | ജൂൺ-മാർച്ച് | ഹെഡ്മിസ്ട്രസ്സ്, ആരോഗ്യപ്രവർത്തകർ | പിടിഎ |
| 6 | കരാട്ടെ, യോഗാ പരിശീലനം സംഘടിപ്പിക്കുന്നു. | സ്കൂളിലെ താല്പര്യമുള്ള കുട്ടികൾക്ക് വിദഗ്ധരായവരുടെ നേതൃത്വത്തിൽ കരാട്ടെ. യോഗാ പരിശീലനം ആഴ്ച്ചയിലൊരിക്കൽ നടത്തി വരുന്നു. | ജൂലൈ-മാർച്ച് | കായിക അധ്യാപകൻ | ആര്യനാട് പഞ്ചായത്ത് |

| മേഖല :- കലാ വിദ്യാഭ്യാസം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
| 1 | കലാ മികവുള്ളവരെ കണ്ടെത്തി പരിശീലനം നൽകുന്നു. | കുട്ടികളുടെ കലാവാസനങ്ങൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് നൃത്തം വാദ്യോപകരണ സംഗീതം മറ്റു കലാമാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ധരെ പങ്കെടുപ്പിച്ച് പരിശീലനം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | | |
| 2 | ചിത്രരചന പരിശീലനം കുട്ടികൾക്ക് നൽകുന്നു. | ചിത്രരചനയിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി ആഴ്ചയിൽ ഒരു ദിവസമെങ്കിലും ചിത്രരചന അഭ്യസിക്കാനുള്ള അവസരം ഒരുക്കുന്നു. അതിനായി ഒരു ഡ്രോയിങ് അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | അവധിക്കാലത്തിൽ ആഴ്ചയിൽ അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം. മാസങ്ങളിൽ ആഴ്ചയിൽ ഒരിക്കൽ. | | പിടിഎ |

| മേഖല :- തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
| 1 | കുട്ടികളുടെ കഴിവുകളെ കണ്ടെത്തി സ്വയംപര്യാപ്തത നേടുന്നു. | കുട്ടികളുടെ കഴിവുകളെ കണ്ടെത്തി ചെറിയ ചെറിയ കൈ തൊഴിലിന് പരിശീലനം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം അധ്യാപിക | ബിആർസി |
| 2 | കുട്ടികളിൽ സർഗ്ഗാത്മകത വളർത്തിയെടുത്ത് കൃഷി ചെയ്യുന്നതിന് പരിശീലനം നൽകുന്നു. കൂടാതെ "പാർപ്പിടം" എന്ന മേഖലയുമായി ബന്ധപ്പെടുത്തി വീടിന്റെ പ്ലാൻ വരയ്ക്കൽ, പ്ലമ്പിങ് തൊഴിൽ എന്നിവയ്ക്ക് പരിശീലനം നൽകുന്നു | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിലൂടെ പാഠഭാഗവുമായി ബന്ധപ്പെടുത്തി, കുട്ടികളെ കൃഷി ചെയ്യിക്കുന്നതിനും തുന്നൽ പഠിപ്പിക്കുന്നതിനും പ്ലംബിങ് പഠിപ്പിക്കുന്നതിനും അവസരം ഒരുക്കുന്നു. അതിനായി ഒരു അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | അവധിക്കാലത്തിൽ ആഴ്ചയിൽ അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന തൊഴിൽ പരിശീലനം, മാസങ്ങളിൽ , ആഴ്ചയിൽ ഒരിക്കൽ | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം അധ്യാപിക | ബിആർസി |

| മേഖല :- ഐ ടി വിദ്യാഭ്യാസം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
| 1 | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ഐസിടിപഠന വിഭവങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുക. ഇതിനായി തലത്തിൽ ഐസിടി ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഐ ടി അധ്യാപകർ | പി ടി എ |
| 2 | പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ വീഡിയോകൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതികവിദ്യകൾ പ്രായോഗികതലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു . | അക്കാദമിക വർഷം | ഐ ടി അധ്യാപകർ | ഐ ടി ക്ലബ്ബ് |
| 3 | സ്മാർട്ട് ക്ലാസ്സ് റൂം ഫലപ്രദമായ രീതിയിലുള്ള ഉപയോഗം സാധ്യമാക്കുക. | വിഷയാധിഷ്ഠിതമായി ഐസിടി ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു . | ഐ ടി ക്ലബ് | ഐ ടി അധ്യാപകർ | പി ടി എ |

# ഉപസംഹാരം

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിനു വേണ്ടി  വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികളെയും മികച്ച വായനക്കാരൻ ആക്കുക ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിൽ എത്തിച്ച് വായനയും എഴുത്തും ഒരു നവ്യാ അനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചം ആക്കി മാറ്റാനുള്ള നൂതന സംരംഭം 2025-'26 അധ്യയന വർഷത്തിലെ ഗവൺമെന്റ് യു പി എസ് പറണ്ടോട്  മികവിന്റെ പദ്ധതി ലക്ഷ്യമിടുന്നു.

പൊതു വിദ്യാഭ്യാസത്തിൻെറ ഗുണമേന്മ കൃത്യമായി എത്തിക്കുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025-'26 അധ്യയന വർഷത്തിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് കൂടുതൽ പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിരിക്കുന്നത്. സാമൂഹിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നിവയും പവാതിയുടെ പ്രധാന ലക്ഷ്യമാണ്. പഠന പ്രവർത്തനങ്ങൾ ശിശു കേന്ദ്രീകൃതവും കൂടുതൽ ആസ്വാദ്യകരവും ആക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

GOVERNMENT UP SCHOOL PARANTODE

മികവിന്റെ വിദ്യാലയം